# പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2019-2021)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

## (2019-2021)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

136/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്. ആർ.ഒ. നമ്പർ 17/2016) | .. | 30 |
| അനുബന്ധം II (എസ്. ആർ.ഒ. നമ്പർ 502/2016) | .. | 33 |
| അനുബന്ധം III (എസ്. ആർ.ഒ. നമ്പർ 18/2016) | .. | 34 |
| അനുബന്ധം IV (എസ്. ആർ.ഒ. നമ്പർ 19/2016) | .. | 46 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ ഒൻപതാമത് റിപ്പോർട്ട് 2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഡിസംബർ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ ഒൻപതാമത് റിപ്പോർട്ട് 2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ (2009-ലെ 10-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച 193/2009, 194/2009, 195/2009, 527/2011, 34/2012 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതി പഠനവിധേയമാക്കുകയുണ്ടായി. പ്രവാസി മലയാളികളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകുന്ന നിയമം എന്ന നിലയിൽ അതിൽ കീഴിലുള്ള ചട്ടങ്ങളും (എസ്.ആർ.ഒ. നമ്പർ 195/2009), പദ്ധതിയും (എസ്.ആർ.ഒ. നമ്പർ 194/2009) ഉൾപ്പെടെയുള്ള എസ്.ആർ.ഒ.-കൾ 28-3-2012, 4-4-2012 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും പ്രവാസി കേരളീയകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി ഒൻപതാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രവാസി കേരളീയകാര്യ (എ) വകുപ്പിൽ നിന്നും ലഭിച്ച 14-3-2016, 3-12-2018, 20-8-2020 എന്നീ തീയതികളിലെ കത്ത് മുഖേനയുള്ള നടപടി പത്രികകൾ 21-6-2017, 30-4-2019, 16-10-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി (2011-2014)-യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ

### എസ്.ആർ.ഒ. നമ്പർ 195/2009

ജി.ഒ. (എം.എസ്.) നമ്പർ 03/2009/നോർക്ക, തീയതി 27-2-2009

### ശിപാർശ (ഖണ്ഡിക 9)

ചട്ടം 2 (ബി), ചട്ടം 2(സി) എന്നിവയിൽ ബോർഡിന്റെ പേരിന് മുൻപായി 'കേരള' എന്ന വാക്ക് കൂടി ചേർത്ത് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 10)</u>

ചട്ടം 2(എഫ്)-ലെ 'എക്സിക്യൂട്ടീവ് ഓഫീസർ' എന്നത് 'ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 11)</u>

അംശദായ തുക അടയ്ക്കുന്നതിന് മറ്റ് രീതികളൊന്നും നിശ്ചയിക്കുന്നതിന് ബോർഡിന് അധികാരമില്ലാത്തതിനാൽ ചട്ടം 3(1)-ലെ 'ബോർഡ് നിശ്ചയിക്കുന്ന മറ്റേതെങ്കിലും വിധത്തിലോ' എന്ന ഭാഗം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 12)</u>

ചട്ടം 4(1)-ലെ 'ഏതെങ്കിലും അംഗം അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട/മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ------- നോട്ടീസും നൽകേണ്ടതാണ്' എന്നതിലെ 'ബന്ധപ്പെട്ട' എന്ന വാക്കിനുശേഷമുള്ള '/' ചിഹ്നം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 13)</u>

അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന അംഗത്തിന് പറയുവാനുള്ളത് പറയാൻ അവസരം നൽകുന്നതിനുള്ള വ്യവസ്ഥ കൂടി ചട്ടം 4(1)-ൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 14)</u>

ചട്ടം 4(2)-ൽ അപ്പീലിന്മേൽ റിവിഷനുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 9, 10, 11, 12, 13, 14 )</u>

എസ്.ആർ.ഒ. നമ്പർ 195/2009-ൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ചേർത്ത് എസ്.ആർ.ഒ. 17/2016 പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം I).

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 15)</u>

ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിന് ചട്ടം 6(3) പ്രകാരമുള്ള പ്രത്യേക ചട്ടങ്ങൾ എത്രയും വേഗം വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 16)

ചട്ടം 9(2)-ലെ "................... ബോർഡ് അഥവാ സർക്കാർ വിഹിതം സഹിതം ................." എന്നതിലെ 'അഥവാ' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നമ്പർ 195/2009-ൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ചേർത്ത് എസ്.ആർ.ഒ. 17/2016 പുറപ്പെടുവിച്ചിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

ശിപാർശ (ഖണ്ഡിക 17)

അംഗങ്ങളുടെ പേരിൽ മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ള സഞ്ചിത തുക പ്രവാസി കേരളീയരുടെ ക്ഷേമ നിധിയിലേക്ക് കൈമാറ്റം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചു വരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

അംഗങ്ങളുടെ പേരിൽ മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ള സഞ്ചിത തുക പ്രവാസി കേരളീയരുടെ ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് ആരാഞ്ഞു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

ഇ.പി.എഫ്. പെൻഷൻ ഉൾപ്പെടെ മറ്റേതെങ്കിലും പെൻഷൻ ലഭിക്കുന്നവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വം അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. ഈ വിഷയത്തിൽ തീരുമാനം കൈക്കൊണ്ട ശേഷം മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ള സഞ്ചിത തുക പ്രവാസി കേരളീയരുടെ ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്യുന്ന വിഷയം പരിശോധിക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

21-2-2019-ലെ സ.ഉ.(എം.എസ്.)93/2019/ധന. ഉത്തരവിന്റെ വെളിച്ചത്തിൽ പ്രതിമാസം 2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിക്കുകയും, 2000 രൂപയിൽ കൂടുതൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് പ്രതിമാസം 600 രൂപ പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. മറ്റ് ക്ഷേമനിധിയിൽ അംഗത്വമുള്ളവരുടെ നിലവിലുള്ള സഞ്ചിത നിക്ഷേപം സ്വീകരിച്ചുകൊണ്ട് പ്രവാസി ക്ഷേമനിധിയിൽ അംഗത്വം അനുവദിക്കണമെന്ന അപേക്ഷകൾ ഒന്നും നാളിതുവരെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ ലഭ്യമായിട്ടില്ല. ഇപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്നപക്ഷം 2009-ലെ പ്രവാസി ക്ഷേമ ചട്ടങ്ങൾ 9-ാം ചട്ട പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 20-8-2020-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 16-10-2020-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

എസ്.ആർ.ഒ. നമ്പർ 194/2009

ജി.ഒ. (എം.എസ്.) നമ്പർ 02/2009/നോർക്ക, തീയതി 27-2-2009

ശിപാർശ (ഖണ്ഡിക 19)

വിവിധ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടിയും, ലഘുലേഖകൾ വിതരണം ചെയ്തും, പ്രവാസി മലയാളികളുടെ സംഘടനകളുടെ പങ്കാളിത്തത്തോടെയും ക്ഷേമ പദ്ധതിയെ കുറിച്ച് പ്രവാസി മലയാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നോർക്ക വകുപ്പ് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപടി സ്വീകരിച്ചു വരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

മൂന്ന് ലക്ഷത്തിൽപ്പരം പേർ നിലവിൽ പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങളായുണ്ട്. പ്രവാസി മലയാളികൾക്കിടയിൽ വിപുലമായ ബോധവൽക്കരണ പരിപാടികളിൽ കൂടിയാണ് അംഗസംഖ്യ വർദ്ധിപ്പിക്കാനായത്. അംഗസംഖ്യ ഇനിയും വർദ്ധിപ്പിക്കുന്നതിനായി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇതിനോടകം ബോധവൽക്കരണ പരിപാടികൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. പ്രവാസി സംഘടനകളുടെ സഹായത്തോടെ ഇന്ത്യയ്ക്കകത്ത് മലയാളികൾ തിങ്ങി പാർക്കുന്ന മറ്റു സംസ്ഥാനങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. 2019-20 വർഷത്തിൽ അംഗസംഖ്യ ഏഴ് ലക്ഷമായും 2020-21-ൽ പത്ത് ലക്ഷമായും ഉയർത്തുന്നതിന് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകളും വിതരണം ചെയ്തു വരുന്നുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 20)</u>

പദ്ധതിയിലെ '38' മുതൽ '42' വരെയുള്ള ഖണ്ഡികകൾ പ്രാബല്യത്തിൽ വരുന്ന തീയതി ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചുവരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

പ്രവാസി ക്ഷേമ പദ്ധതി 38 മുതൽ 42 വരെയുള്ള ഖണ്ഡികകൾ 2015 ഒക്ടോബർ 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി 20-7-2016-ലെ സ.ഉ. (പി.) നമ്പർ 03/2016/ നോർക്ക പ്രകാരം വിജ്ഞാപനമായിട്ടുണ്ട് (എസ്.ആർ.ഒ. നമ്പർ 502/2016 - അനുബന്ധം II).

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 21)

പദ്ധതിയിലെ അദ്ധ്യായം II-ന്റെ ശീർഷകത്തിലെ "പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് " എന്നത് ആക്റ്റിലെ 9(1) വകുപ്പിൽ പറഞ്ഞിട്ടുള്ളതു പോലെ "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് " എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 22)

അംഗങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഖണ്ഡിക 15(1)-ലെ "............'മുൻപ് വിദേശത്ത് താമസിച്ചിരുന്ന പ്രവാസി കേരളീയനും' ............" എന്നുള്ളത് "മുൻപ് വിദേശത്ത് താമസിച്ചിരുന്ന ഓരോ പ്രവാസി കേരളീയനും" എന്ന് തിരുത്തൽ വരുത്തണമെന്നും പ്രസ്തുത ഖണ്ഡികയിലെ 4-ാമത് വരിയിൽ '1-എ, ബി നമ്പർ ഫോറത്തിലുള്ള' എന്ന് ചേർത്തിട്ടുള്ളത് '1 എ/1 ബി നമ്പർ ഫോറത്തിലുള്ള' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 21, 22)</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട് (അനുബന്ധം III).

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 23)</u>

'1 ബി' നമ്പർ ഫോറം വിതരണം ചെയ്യുമ്പോൾ ക്രമനമ്പർ 9-ൽ ഉൾപ്പെടുത്തിയിരിക്കുന്നവ ഒഴിവാക്കിയശേഷം വിതരണം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ.194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ഭേദഗതി വരുത്തി പുറപ്പെടുവിച്ച 18/2016-ാം നമ്പർ എസ്.ആർ.ഒ.-യിൽ സമിതി നിർദ്ദേശം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

ഫോറം നമ്പർ 1 (ബി)-യിൽ 9-ാം ക്രമനമ്പർ പ്രകാരമുള്ള വിവരം ചേർക്കുന്നത് നിർബന്ധമാക്കിയിട്ടില്ല. ലഭ്യമെങ്കിൽ മാത്രം ഫോറത്തിൽ ചേർത്താൽ മതി എന്ന് ഫോറത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 24)

ഖണ്ഡിക 15(1)-ലെ "......... സമർപ്പിക്കേണ്ടതാണ്, പതിച്ചിരിക്കേണ്ടതാണ്, ഹാജരാക്കണം" എന്നീ പദപ്രയോഗം തന്നെ ഖണ്ഡിക 15(2)-ലും ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 25)

ഒരു സംസ്ഥാനത്ത് ഒന്നിലേറെ വില്ലേജ് ഓഫീസർമാരുള്ളതിനാൽ 'ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ' എന്നതിനു പകരം 'ബന്ധപ്പെട്ട സംസ്ഥാനത്ത് അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസർ' എന്ന് ഖണ്ഡിക 15(2)-ൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 26)

ഖണ്ഡിക 15(4)-ലെ "....... 'പ്രവാസി കേരളീയൻ' എന്ന നിലയിലുള്ള അംഗത്വം റദ്ദാക്കുകയും എന്നാൽ ഒരു കല്പിതാംഗമായി തുടരാനർഹതയുള്ളതുമായ ഒരംഗം .........." എന്നതിലെ 'പ്രവാസി കേരളീയൻ' എന്നത് 'പ്രവാസി കേരളീയൻ (ഭാരതം)' എന്ന് തിരുത്തൽ വരുത്തണമെന്നും കൂടാതെ അപേക്ഷയിൽ പതിക്കേണ്ട കളർ ഫോട്ടോ എത്ര സമയത്തിനുള്ളിൽ എടുത്തതായിരിക്കണമെന്ന് വ്യക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 27)

'തദ്ദേശസ്വയംഭരണ മേധാവി' എന്ന് ചേർത്തിട്ടുള്ളതിനാൽ വീണ്ടും 'പഞ്ചായത്ത് പ്രസിഡന്റ്/........./കോർപ്പറേഷൻ മേയർ' എന്ന് ചേർക്കേണ്ട ആവശ്യമില്ലാത്തതിനാൽ ഖണ്ഡിക 15 (4)-ലെ പ്രസ്തുത ഭാഗം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 28)

പ്രാദേശിക ഓഫീസുകൾ തുറക്കുമ്പോൾ അവിടെയും അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണെന്ന് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 29)

അംഗത്വ രജിസ്റ്റർ സംബന്ധിച്ച വ്യവസ്ഥകളടങ്ങുന്ന ഖണ്ഡിക 17(1)-ൽ "...... 4 എ നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിലും, ......... ഫോറം 4 ബി നമ്പരിലുള്ള രജിസ്റ്ററിലും, ......... 4 സി നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിലും" എന്നും ഖണ്ഡിക 17(2)-ൽ "4 സി-യിലുള്ള രജിസ്റ്ററിൽ, ....... 4 ഡി നമ്പർ ഫോറത്തിലുള്ള

രജിസ്റ്ററിൽ" എന്നിങ്ങനെ വ്യത്യസ്ത രീതിയിലാണ് ചേർത്തിരിക്കുന്നത്. ഇപ്രകാരം ചേർത്തിരിക്കുന്നതെല്ലാം ഒരേ രൂപത്തിൽ അതായത് "............ നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിൽ" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 30)</u>

ഖണ്ഡിക 18(1)-ലേത് പോലെ 'ചീഫ്/മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്ന് ഖണ്ഡിക 18(2)-ലും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 31)</u>

അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപിക്കലും സംബന്ധിച്ച ഖണ്ഡിക 21-ന് മറ്റ് ഉപ ഖണ്ഡികകൾ ഇല്ലാത്തതിനാൽ 21(1) എന്ന് അക്കമിട്ടിരിക്കുന്നതിലെ '(1)' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 24, 25, 26, 27, 28, 29, 30, 31)</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 32)</u>

ഖണ്ഡിക 21 പ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നൽകേണ്ട പലിശയും, പിഴപ്പലിശയും എത്രയാണെന്ന് നിശ്ചയിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

## അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

അംഗത്വം പുനഃസ്ഥാപിക്കുന്നതിന് മുടങ്ങിയ അംശദായത്തിന്റെ 14% പിഴയും 1% പിഴപ്പലിശയും ചേർത്ത് 15% നിരക്കിൽ മുടക്കം വന്ന കാലത്തേക്ക് കണക്കാക്കപ്പെടുന്ന തുക മുടക്കംവന്ന അംശദായ തുകയോടൊപ്പം 3 മാസ കാലയളവിനുള്ളിൽ അടച്ച് റദ്ദായ അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ് എന്ന ബോർഡ് തീരുമാനത്തിന് 21-4-2014-ലെ 1261/എ 1/2014/നോർക്ക നമ്പർ കത്ത് പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ (ഖണ്ഡിക 33)

ഖണ്ഡിക 22(1)-ലെ 'ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും' എന്നതും 'സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും' എന്നതും ഒന്നുതന്നെ ആയതിനാൽ അതിൽ ഒരെണ്ണം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 34)

ഖണ്ഡിക 23-ന്റെ (1)-ാം ഉപഖണ്ഡികയിലെ "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ അംഗവും പ്രവാസി കേരളീയൻ (ഭാരതം) അംഗവും ......... കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്" എന്നുള്ളത് "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ (വിദേശം) അംഗവും, പ്രവാസി കേരളീയൻ (ഭാരതം) അംഗവും ......... " എന്നു തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 35)

ഖണ്ഡിക 23 (2)-ലെ 'പ്രതിമാസ പ്രായാധിക്യ പെൻഷൻ' എന്നതിലെ 'പ്രായാധിക്യ' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 36)

ഖണ്ഡിക 23(4)-ന്റെ വിശദീകരണത്തിൽ ചേർത്തിട്ടുള്ള 'അപക്ഷകന്റെ' എന്നത് 'അപേക്ഷകന്റെ 'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 37)

ഖണ്ഡിക 24-ന്റെ വിശദീകരണം (ii)-ലെ "ഈ ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന്............" എന്നുള്ളത് "ഒന്നാം ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന്............" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 38)

പെൻഷനുള്ള അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച വ്യവസ്ഥ ഖണ്ഡിക 25(3)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 39)

അംശദായ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള സമയപരിധിയും, തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ള വ്യവസ്ഥയും ഖണ്ഡിക 26(9)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 40)

ഖണ്ഡിക 27(3)-ൽ "............................വിദേശത്താണെങ്കിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയതുമായ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ....................................." എന്ന് ചേർത്തിരിക്കുന്നതിന് പകരം "വിദേശത്ത് വച്ചാണ് മരണപ്പെടുന്നതെങ്കിൽ അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയ സർട്ടിഫിക്കറ്റിന്റെ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് " എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 41)

ഖണ്ഡിക 27(5)-ൽ അപേക്ഷയിന്മേൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ "30 ദിവസത്തിനകം തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന" വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 33, 34, 35, 36, 37, 38, 39, 40, 41)

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ (ഖണ്ഡിക 42)</u>

ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഖണ്ഡിക 28(1) പ്രകാരമുള്ള ചികിത്സാ സഹായ തുക പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ I/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

ചികിത്സാ ധനസഹായം പരമാവധി 50,000 രൂപയാണ് നിലവിൽ അനുവദിച്ചു വരുന്നത്. ചികിത്സാ ധനസഹായത്തിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നത് ബോർഡിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നതിനാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശിപാർശ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ I/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 43)</u>

ഖണ്ഡിക 29 പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ I/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

അംഗങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ഓരോ വർഷവും ഈടാക്കിക്കൊണ്ട് ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 10-8-2018-ന് കൂടിയ 28-ാമത് ബോർഡ് യോഗം തീരുമാനിച്ചിരുന്നു. ടി തീരുമാനം സർക്കാർ പരിശോധിച്ച് വരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 44)</u>

ഖണ്ഡിക 29(2)-ലെ 'ചിലവുകൾ' എന്നത് 'ചെലവുകൾ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 45)</u>

കൽപ്പിതാംഗങ്ങളുടെ പെൺമക്കൾക്കു കൂടി, അവരുടെ അംശദായത്തിന് ആനുപാതികമായി, വിവാഹ ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 30 (1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 46)</u>

2008-ലെ വിവാഹ രജിസ്ട്രേഷൻ ചട്ടമനുസരിച്ച് എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ 2008-ലെ വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരമുള്ള വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഖണ്ഡിക 30(6)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 47)</u>

ഖണ്ഡിക 30(7)-ൽ വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അതിനുള്ള സമയപരിധി കൂടി വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 48)</u>

ഖണ്ഡിക 31(4)-ന്റെ രണ്ടാമത് ഖണ്ഡികയിൽ ചേർത്തിരിക്കുന്ന "............................ സമർപ്പിക്കുന്ന അപേക്ഷയും 'എക്സിക്യൂട്ടീവ് ഓഫീസർക്ക്' സ്വീകരിക്കാവുന്നതാണ്" എന്നത് "........................ സമർപ്പിക്കുന്ന അപേക്ഷയും 'ബന്ധപ്പെട്ട മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക്' സ്വീകരിക്കാവുന്നതാണ്." എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 44, 45, 46, 47, 48)</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 49)</u>

ആക്ടിലെ 4(3) വകുപ്പ് പ്രകാരം സർക്കാർ നിധിയിലേക്ക് നൽകേണ്ട ഗ്രാന്റ് 2% എന്നത് 5% ആക്കി ഉയർത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇപ്പോൾ പരിഗണനയിലില്ല.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

സർക്കാർ നൽകുന്ന ഗ്രാന്റ് പിരിഞ്ഞുകിട്ടുന്ന അംശദായത്തിന്റെ 2% എന്നത് 5% ആക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 50)

ഖണ്ഡിക 32-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള പദ്ധതി കഴിയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിക്ക് 22-4-2014-ൽ ഗസറ്റ് വിജ്ഞാപനമായിട്ടുണ്ട്. 2014-15 മുതൽ പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 51)

ഖണ്ഡിക 33 പ്രകാരമുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം എത്രയും വേഗം നിശ്ചയിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

പെൻഷനും മറ്റാനുകൂല്യങ്ങളും ബോർഡ് വിതരണം ചെയ്തു വരുന്നുണ്ട്. ആനുകൂല്യങ്ങൾക്കായി ബോർഡിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ബാങ്ക് അക്കൗണ്ട് വഴി ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 52)</u>

ഖണ്ഡിക 33(5), ഖണ്ഡിക 33(6) എന്നിവ യഥാക്രമം 33(4)-ഉം 33 (5)-ഉം ആയി ചേർക്കണമെന്നും, ഖണ്ഡിക 33(4) ആയി ചേർത്തിട്ടുള്ളത് ഖണ്ഡിക 33(6) ആയി ചേർക്കണമെന്നും, ഖണ്ഡിക 33(5)-ൽ പറഞ്ഞിരിക്കുന്ന '(4)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപേക്ഷ' എന്നത് '(3)-ാം ഉപഖണ്ഡിക പ്രകാരമുള്ള പെൻഷൻ കുടിശ്ശിക തുകയുള്ള അപേക്ഷ' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 53)</u>

മറ്റ് സംസ്ഥാനങ്ങളിൽ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും, കേരളത്തിലാണെങ്കിൽ തഹസീൽദാരും, മറ്റ് സംസ്ഥാനങ്ങളിലാണെങ്കിൽ നിലവിലുള്ള നിയമമനുസരിച്ചുള്ള ഓഫീസറുമാണ് സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് നോർക്ക വകുപ്പ് സെക്രട്ടറിയും വിശദീകരണം നൽകുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഖണ്ഡിക 33(6)-ൽ അപ്രകാരം തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 54)</u>

അദ്ധ്യായം V-ലെ ഖണ്ഡിക 34(1)-ലെ "....................'അംശാദായത്തിന്റ്'........." എന്നത് 'അംശദായത്തിന്റെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 52, 53, 54)</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ (ഖണ്ഡിക 55)</u>

ഖണ്ഡിക 34 പ്രകാരമുള്ള "പ്രവാസി ആശ്വാസ നിധി" എത്രയും വേഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

3-9-2015-ലെ 20-ാമത് ബോർഡ് യോഗത്തിന്റെ 12-ാമത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1-10-2015-ലെ S3-KNRKWB/PRO/73/2015 ഉത്തരവ് പ്രകാരം പ്രവാസി ആശ്വാസ നിധി നിലവിൽ വന്നു.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 56</u>

ഖണ്ഡിക 35(2)-ലെ "മാനദണ്ഡങ്ങൾ" എന്ന വാക്ക് 'മാനദണ്ഡങ്ങൾ' എന്നും ഖണ്ഡിക 36(1)-ലെ " .................... 'വാങ്ങുന്നതിനോ വേണ്ടിയോ' ......................" എന്നത് 'വാങ്ങുന്നതിന് വേണ്ടിയോ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 57)</u>

ഖണ്ഡിക 38 പ്രകാരമുള്ള പ്രവാസി കേരളീയർ (വിദേശം) പ്രത്യേക സഹായനിധിയിലേക്ക് പ്രവാസികളിൽ നിന്നും പ്രവാസി അസോസിയേഷനുകളിൽ നിന്നും സംഭാവന ലഭിക്കുന്നതിന് സർക്കാർ തലത്തിൽ നിന്നും ഇടപെടലുകൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

ഇത്തരത്തിൽ സഹായം സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 58)</u>

ഖണ്ഡിക 39(1)-ലെ 'മാരക അസുഖങ്ങളുടെ' എന്നത് 'മാരക രോഗങ്ങളുടെ' എന്നും ഖണ്ഡിക 39(3)-ലെ 'ആശുപത്രികളിലെ, ക്ലീനിക്കുകളിലെ' എന്നത് "ആശുപത്രികളിലെ/ക്ലിനിക്കുകളിലെ" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 59)

സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഖണ്ഡിക 39(3)-ൽ പറഞ്ഞിരിക്കുന്ന ആശുപത്രികളുടെ/ക്ലിനിക്കുകളുടെ പേര് വിവരം അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി 28(3) ഖണ്ഡിക പ്രകാരം ബോർഡ് മുൻകൂട്ടി അംഗീകരിച്ച ആശുപത്രികളുടെ പേരുവിവരം ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക സഹായനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് ഈ ആശുപത്രികളിലെ ചികിത്സയ്ക്ക് സഹായം നൽകുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 60)

കരൾ സംബന്ധമായ രോഗങ്ങളെ കൂടി ഖണ്ഡിക 39(4)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 61)

ഖണ്ഡിക 40(1), ഖണ്ഡിക 42(4) എന്നിവയിലെ "ജില്ലാ എക്സി. ഓഫീസർ" എന്നതിന് പകരം അതിന്റെ പൂർണ്ണരൂപമായ "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നും, ഖണ്ഡിക 40(2)-ലെ 'എമ്പസി' എന്നത് 'എംബസി' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 60, 61)</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 62)</u>

പ്രത്യേക സഹായനിധിയിൽ നിന്നും ഖണ്ഡിക 39 പ്രകാരമുള്ള ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി ഖണ്ഡിക 40(3)-ൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

ഖണ്ഡിക 40(3)ൽ 'അതാത് സംഗതി പോലെ ' എന്ന വാക്കുകൾക്കു ശേഷം ' മൂന്ന് മാസത്തിനുള്ളിലോ തൊട്ടടുത്ത ബോർഡ് യോഗത്തിനു ശേഷമോ' എന്നത് ചേർക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 63)

ഖണ്ഡിക 40(2)-ന് ശേഷം ഖണ്ഡിക 40(4)-ൽ ചേർത്തിട്ടുള്ള 'വയസ്സ് തെളിയിക്കുന്നതിന്....... പകർപ്പ് സ്വീകരിക്കുന്നതാണ് 'എന്ന ഖണ്ഡിക ചേർക്കണമെന്നും, ഖണ്ഡിക 40(5)-ൽ ചേർത്തിട്ടുള്ളത് ഖണ്ഡിക 40(3)-ആയും, ഖണ്ഡിക 40(3), 40(4) എന്നിവ യഥാക്രമം ഖണ്ഡിക 40(4)-ഉം ഖണ്ഡിക 40(5)-ഉം ആയി ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

ശിപാർശ (ഖണ്ഡിക 64)

ഖണ്ഡിക 41 പ്രകാരമുള്ള വാർദ്ധക്യകാല ആശ്വാസ പദ്ധതി എത്രയും വേഗം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് പദ്ധതി പരിഗണിക്കാവുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

ശിപാർശ (ഖണ്ഡിക 65)

ഖണ്ഡിക 42(1)-ലെ "-------------'പ്രവാസി കേരളീയർ (വിദേശം)' --------------------"എന്നത് 'പ്രവാസി കേരളീയൻ (വിദേശം)'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 66)

ഖണ്ഡിക 44-ന്റെ തലക്കെട്ട് 'പെൻഷൻ ആനുകൂല്യം നിരസിച്ചു കൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ' എന്നാണ് നൽകിയിരിക്കുന്നത്. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളാണ് പ്രസ്തുത ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളത് എന്നതിനാൽ ഖണ്ഡിക 44-ന്റെ തലക്കെട്ട് "ആനുകൂല്യം നിരസിച്ചുകൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ" എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 67)

ഖണ്ഡിക 44(2)-ൽ അപ്പീലിന്മേൽ ബോർഡ് എത്ര സമയത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നത് സംബന്ധിച്ചും തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ളത് സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധിയും, തീരുമാനം അപേക്ഷകനെ 'രേഖാമൂലം' അറിയിക്കുന്നതിനുള്ള വ്യവസ്ഥയും ഖണ്ഡിക 44(2)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 68)

ഡിസംബർ 31-ന് മുൻപ് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിനോടൊപ്പമാണ് ആസ്തി സംബന്ധിച്ച വിവരം സമർപ്പിക്കേണ്ടത് എന്നതിനാൽ "സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിക്കകമോ" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ആക്ടിലെ 26(1)-ാം വകുപ്പിന് വിരുദ്ധമാണ്. ആയതിനാൽ ഖണ്ഡിക 45(4)-ൽ ആവശ്യമായ തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 65, 66, 67, 68)

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ (ഖണ്ഡിക 69)</u>

ഖണ്ഡിക 48 പ്രകാരം ഓരോ വർഷത്തെയും ബഡ്ജറ്റ് യഥാസമയം തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

2019-20 സാമ്പത്തിക വർഷം മുതൽ ക്ഷേമപദ്ധതി ഖണ്ഡിക 48 പ്രകാരം ബഡ്ജറ്റ് തയ്യാറാക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 70)</u>

ഓരോ വർഷത്തെയും ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 49(1)-ൽ പറഞ്ഞിരിക്കും പ്രകാരം ഡിസംബർ മാസം 31-ന് മുമ്പായി സർക്കാരിന് സമർപ്പിക്കുന്നതിന് ബോർഡിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

<u>അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 3-12-2018-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30-4-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 71)</u>

അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫോറം നമ്പർ '1 എ', '1 ബി', '2 എ' എന്നിവയുടെ ക്രമനമ്പർ 4-ൽ 'കേരളത്തിലെ സ്ഥിര മേൽവിലാസം, വീട്ടുപേര് ' എന്നാണ് ചേർത്തിട്ടുള്ളത്. മേൽവിലാസം എന്നതിൽ വീട്ടുപേരും ഉൾപ്പെടുമെന്നതിനാൽ 'വീട്ടുപേര് ' എന്നത് ബ്രാക്കറ്റിനുള്ളിൽ ചേർത്തിരിക്കുന്നവയുടെ കൂട്ടത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 72)</u>

പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ പ്രസവാനുകൂല്യത്തിനുള്ള അപേക്ഷയിലൊഴികെ സത്യപ്രസ്താവന/സാക്ഷ്യപത്രത്തിന് താഴെയും, നോമിനേഷൻ വേണ്ടവയിൽ അതിന് താഴെയും ചേർത്തിരിക്കുന്ന 'അപേക്ഷകന്റെ പേരും ഒപ്പും' എന്നതിന് പകരം 'അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 73)</u>

ഫോറം നമ്പർ "2 എ'-യിലെ ക്രമനമ്പർ 9-ൽ "------------- ഡെപ്യൂട്ടേഷനിലോ ജോലി ചെയ്തു വരുന്നതാണോ? " എന്നുള്ളത് ."ഡെപ്യൂട്ടേഷനിലോ മറ്റ് സംസ്ഥാനത്ത് ജോലി ചെയ്തു വരുന്നതാണോ?" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 74)</u>

ഫോറം നമ്പർ '2 എ'-യിലെ സാക്ഷ്യപത്രത്തിൽ "------ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു, അന്യസംസ്ഥാനം ------------- ബോർഡിനെ അറിയിക്കുന്നതാണ് " എന്നുള്ളത് "-------- ബോർഡിനെ അറിയിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 75)

ഫോറം നമ്പർ '2 ബി'-യുടെ ക്രമനമ്പർ 8-ൽ 'അഭിപ്രായക്കുറിപ്പ്' എന്ന് ചേർത്തിരിക്കുന്നത് ഉചിതമല്ല. അപേക്ഷകൻ ഒപ്പിട്ട് സമർപ്പിക്കേണ്ട അപേക്ഷയിൽ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്തതിനാൽ അതിനുപകരം ഫോറം നമ്പർ '1 എ', '2 എ' എന്നിവയിൽ ചേർത്തിട്ടുള്ളതുപോലെ "മറ്റെന്തെങ്കിലും വിവരങ്ങളുണ്ടെങ്കിൽ ആയത് " എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 76)

ഫോറം നമ്പർ '2 ബി'-യിൽ നോമിനേഷനുള്ള ഭാഗം ചേർക്കണമെന്നും, ഖണ്ഡിക 15(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സാക്ഷ്യപത്രം ഹാജരാക്കിയിരിക്കണമെന്ന് ചേർക്കണമെന്നും, കൂടാതെ മറ്റ് അംഗത്വ ഫോറങ്ങളിൽ ഉള്ളതുപോലെ "താഴെപ്പറയുന്ന കാരണങ്ങളാൽ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചു" എന്നത് ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 77)

ഫോറം നമ്പർ '3 ബി' -യുടെ ക്രമനമ്പർ '9'-ലെ "ഇൻഷുറൻസ് പോളിസി നമ്പർ" ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 78)

പദ്ധതിയിലെ ഖണ്ഡിക 17(2) പ്രകാരം അംഗത്വമാറ്റം നടത്തിയ അംഗങ്ങൾക്കുള്ള (കല്പിതാംഗം) മാറ്റം വരുത്തിയ തിരിച്ചറിയൽ കാർഡ് ഫോറം '3 ബി'-യിൽ നൽകേണ്ടതാണെന്ന് ഖണ്ഡിക 18(1)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫോറം '3 ബി' യുടെ തലക്കെട്ടിൽ 'തിരിച്ചറിയൽ കാർഡ് ' എന്നതിന് താഴെ "(തിരിച്ചു വന്ന പ്രവാസി കേരളീയൻ - വിദേശം)" എന്നും അതിനു താഴെ 'കല്പിതാംഗം' എന്നും ചേർത്തിരിക്കുന്നു. കല്പിതാംഗങ്ങൾക്കുള്ള തിരിച്ചറിയൽ കാർഡാണ് ഫോറം '3 ബി' പ്രകാരമുള്ളത് എന്നതിനാൽ അതിന്റെ തലക്കെട്ടിൽ ചേർത്തിട്ടുള്ള "(തിരിച്ചു വന്ന പ്രവാസി കേരളീയൻ - വിദേശം)" എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 79)

കല്പിതാംഗങ്ങൾക്ക് മാത്രമുള്ള തിരിച്ചറിയൽ കാർഡായതിനാൽ ഫോറം '3 ബി'- യിൽ ചേർത്തിട്ടുള്ള "കുറിപ്പ് " എന്ന ഭാഗം ഒഴിവാക്കണമെന്നും, ടി ഫോറത്തിലെ ക്രമനമ്പർ 6(1)-ലെ 'താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന രാജ്യം, സംസ്ഥാനം' എന്നതിലെ 'രാജ്യം' എന്നത് ഒഴിവാക്കണമെന്നും അതോടൊപ്പം ഫോറം '3 എ' -യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ തിരിച്ചറിയൽ കാർഡിന്റെ താഴെയായി "പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് ഓഫീസ് ------------ ഫോൺ നമ്പർ ------------ ഇ-മെയിൽ വിലാസം" എന്നത് ഫോറം '3 ബി'-യിലും ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 80)

ഫോറം '5'-ൽ ക്രമനമ്പർ 5(1) ആയി ചേർത്തിട്ടുള്ള 'അംഗത്വ പദവി' എന്നത് ക്രമനമ്പർ '5' ആയും തുടർന്ന് ഉപനമ്പരുകളായി 5(1) മുതൽ 5(4) വരെയുള്ളവ ചേർക്കണമെന്നും, ക്രമനമ്പർ 5(5) ആയി ചേർത്തിട്ടുള്ളത് ക്രമനമ്പർ '6' ആയി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 81)

ഫോറം നമ്പർ 6-ലെ ക്രമനമ്പർ 8-ൽ ചേർത്തിട്ടുള്ള "മരണമടഞ്ഞു എന്ന് കാണിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം" എന്നതിനുപകരം "മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം" എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 82)

ചികിത്സ സംബന്ധിച്ച വിവരങ്ങൾക്കുശേഷം 'മരണമടഞ്ഞ തീയതിയും മരണകാരണവും' ചേർക്കുന്നതാവും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ ഫോറം 10-ൽ അപ്രകാരമുള്ള മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 83)

ഖണ്ഡിക 31 പ്രകാരമുള്ള പ്രസവാനുകൂല്യത്തിന് ഫോറം നമ്പർ 12-ലാണ് അപേക്ഷിക്കേണ്ടത്. പ്രസവാനുകൂല്യത്തിന് വനിതാ അംഗങ്ങൾക്ക് മാത്രമാണ് അർഹതയുള്ളത് എന്നതിനാൽ ഫോറം നമ്പർ 12-ലെ സത്യപ്രസ്താവനയ്ക്കു ശേഷം ചേർത്തിരിക്കുന്ന 'അപേക്ഷകന്റെ/യുടെ പേരും, ഒപ്പും' എന്നത് 'അപേക്ഷകയുടെ പേരും, ഒപ്പും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 84)

ഫോറം നമ്പർ 13, 14 എന്നിവയിൽ 'ഓഫീസ് ഉപയോഗത്തിന്' എന്നുള്ള ഭാഗത്ത് ക്രമനമ്പർ 6-നു ശേഷം "അപേക്ഷ അനുവദിച്ചു -------------- നിരസിച്ചു" എന്നുള്ളത് ക്രമനമ്പർ '4' ആയി അക്കമിട്ടിട്ടുള്ളത് ക്രമനമ്പർ '7' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

## (ശിപാർശ ഖണ്ഡിക 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82, 83, 84)

എസ്.ആർ.ഒ. 194/2009-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 18/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട് [സ.ഉ. (കൈ.) നമ്പർ 02/2016/നോർക്ക തീയതി 4-1-2016].

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

എസ്.ആർ.ഒ. നമ്പർ 527/2011

ജി.ഒ. (എം.എസ്.) നമ്പർ 04/2011/നോർക്ക, തീയതി 5-8-2011

ശിപാർശ (ഖണ്ഡിക 86)

വെൽഫെയർ ബോർഡുകൾ നിരവധിയുള്ളതിനാൽ ബോർഡിന്റെ പേര് വിജ്ഞാപനത്തിലായാലും, വിശദീകരണക്കുറിപ്പിലായാലും പൂർണ്ണ രൂപത്തിൽ തന്നെ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 87)

ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ടെന്ന് 9(5) വകുപ്പിൽ പറഞ്ഞിട്ടുള്ളതിനാലും, എക്സ്-ഒഫീഷ്യോ ഡയറക്ടർമാർ മാറുമ്പോൾ വിജ്ഞാപനം ഇറക്കേണ്ടതുള്ളതിനാലും, ഡയറക്ടറുടെ പേര് കൂടി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 89)

ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങൾ എസ്.ആർ.ഒ. ആയി തന്നെ പ്രസിദ്ധീകരിക്കേണ്ടതാണെന്നും അപ്രകാരം തന്നെ ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 90)

ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്ന് ആക്ടിലെ 9(5) വകുപ്പിൽ പറഞ്ഞിട്ടുള്ളതിനാൽ 9(3)(iii) വകുപ്പ് പ്രകാരം ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡയറക്ടർമാരുടെ പേരുകൂടി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 86, 87, 89, 90)

എസ്.ആർ.ഒ. നമ്പർ 527/11 സംബന്ധിച്ച ശിപാർശകൾ ഭാവിയിൽ വിജ്ഞാപനങ്ങൾ തയ്യാറാക്കുമ്പോൾ പാലിക്കുന്നതാണ്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

ശിപാർശ (ഖണ്ഡിക 91)

1-12-2009-ലെ 2241-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ പട്ടികയിലെ ക്രമനമ്പർ 6-ലെ 'Norka roots 'എന്നത് 'NORKA ROOTS' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 92)

മേൽപ്പറഞ്ഞ ഗസറ്റ് വിജ്ഞാപനത്തിന്റെ (01/12/2009-ലെ 2241-ാം നമ്പർ) അവസാന ഭാഗത്ത് " --------------under Section 9(4) of the act ------------" എന്നതിൽ ചേർത്തിട്ടുള്ള 'act' എന്നത് 'Act' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 91, 92)

4-1-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 03/2016/നോർക്ക പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയത് എസ്.ആർ.ഒ. ആയി പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

ശിപാർശ (ഖണ്ഡിക 93)

മൂല ആക്ട് മലയാളത്തിലായതിനാൽ ആക്ടിൻ കീഴിലുള്ള എല്ലാ വിജ്ഞാപനങ്ങളും മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ 1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

എസ്.ആർ.ഒ. നമ്പർ 34/2012

ജി.ഒ. (എം.എസ്.) നമ്പർ 01/2012/നോർക്ക, തീയതി 17-1-2012

ശിപാർശ (ഖണ്ഡിക 94)

സാധാരണ ഗതിയിൽ മുൻ എസ്.ആർ.ഒ.-യെ സംബന്ധിച്ച പരാമർശം വിജ്ഞാപനത്തിലോ, വിശദീകരണക്കുറിപ്പിലോ വേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മുൻ എസ്.ആർ.ഒ. നമ്പർ കൂടി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 95)

മേൽപ്പറഞ്ഞ വിജ്ഞാപനത്തിൽ വിശദീകരണകുറിപ്പ് ചേർത്തിട്ടില്ലാത്തതിനാൽ വിശദീകരണക്കുറിപ്പ് കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 96)</u>

മേൽപ്പറഞ്ഞ വിജ്ഞാപനപ്രകാരമുള്ള ഡയറക്ടറുടെയും ചെയർമാന്റെയും ഒഴിവ് എന്നാണ് നിലവിൽ വന്നതെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അത് കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 97)</u>

വിജ്ഞാപനത്തിലെ 'Non-Resident Keralites Affairs (A) Department' എന്നതിലെ 'Keralites' എന്ന വാക്കിന് ശേഷം അപ്പോസ്ട്രഫി ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വിജ്ഞാപനത്തിലെ 'the Non-Resident Keralites Welfare Act' എന്നത് 'the Non-Resident Keralites' Welfare Act' എന്നും 'Kerala Non-Resident Keralites Welfare Board' എന്നത് 'Kerala Non-Resident Keralites' Welfare Board' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി ശിപാർശ (ഖണ്ഡിക 94, 95, 96, 97)</u>

എസ്.ആർ.ഒ. 34/2012-ൽ സമിതി നിർദ്ദേശിച്ച പ്രകാരം എസ്.ആർ.ഒ. 19/2016 പുറപ്പെടുവിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട് [സ.ഉ.(കൈ.) നമ്പർ 04/2016/നോർക്ക തീയതി 4-1-2016 - അനുബന്ധം IV].

(പ്രവാസി കേരളീയകാര്യ വകുപ്പ് 14-3-2016-ലെ 676/എ1/2013/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു)

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2016 ജനുവരി 7<br>7th January 2016<br>1191 ധനു 22<br>22nd Dhanu 1191<br>1937 പൌഷം 17<br>17th Pousha 1937 | നമ്പർ<br>No. 39 |


## കേരള സർക്കാർ

പ്രവാസി കേരളീയ കാര്യ (എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈ) നമ്പർ 01/2016/നോർക്ക. *തിരുവനന്തപുരം, 2016 ജനുവരി 4 / 1191 ധനു 19.*

**എസ്. ആർ. ഒ. നമ്പർ 17/2016.**—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2009 ഫെബ്രുവരി 27-ാം തീയതി ജി. ഒ. (എംഎസ്.) നമ്പർ 03/2009/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതിയിലെ 469-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 195/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്കായി ഇനിപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ചട്ടങ്ങളിൽ,—

(1) 2-ാം ചട്ടത്തിൽ—

(i) ഖണ്ഡം (ബി)-യിൽ "രൂപീകരിക്കപ്പെട്ട" എന്ന വാക്കിനുശേഷം "കേരള" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) ഖണ്ഡം (സി)-യിൽ "എന്നാൽ" എന്ന വാക്കിനുശേഷം "കേരള" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) ഖണ്ഡം (എഫ്)-ൽ "എക്സിക്യൂട്ടീവ് ഓഫീസർ" എന്ന വാക്കുകൾക്കുപകരം "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 3-ാം ചട്ടത്തിൽ (1)-ാം ഉപചട്ടത്തിൽ "ബോർഡ് നിശ്ചയിക്കുന്ന മറ്റേതെങ്കിലും വിധത്തിലോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(3) 4-ാം ചട്ടത്തിൽ—

(i) (1)-ാം ഉപചട്ടത്തിനുപകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"ഏതെങ്കിലും അംഗം അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ കുടിശ്ശിക തുക തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവും, ഉത്തരവ് പ്രകാരമുള്ള തുക നിശ്ചിത പലിശ സഹിതം നിധിയിലേക്ക് അടയ്ക്കുവാൻ അംഗത്തിന് നോട്ടീസും നൽകേണ്ടതാണ്. പ്രസ്തുത നോട്ടീസ് കൈപ്പറ്റി അംശദായം അടയ്ക്കുവാൻ വീഴ്ചവരുത്തുന്ന അംഗത്തിന് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷം മുപ്പത് ദിവസത്തിനകം നിർദ്ദേശിക്കപ്പെട്ട തുക അടയ്ക്കാതിരുന്നാൽ കുടിശ്ശികക്കാരന്റെ നിധിയിലെ അംഗത്വം അംശദായം അടയ്ക്കാൻ വീഴ്ചവരുത്തിയതുമുതൽ റദ്ദാകുന്നതാണ്."

(ii) ഉപചട്ടം (2)-ലെ "അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതാണ്" എന്ന വാക്കുകൾക്കുപകരം താഴെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"അപ്രകാരമുള്ള അപ്പീൽ ഉത്തരവിനെതിരെ അപ്പീൽ ഹർജിക്കാരന് സർക്കാരിന് പരാതി നൽകാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

(4) 9-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിലെ "അഥവാ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2009 ഫെബ്രുവരി 27-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 03/2009/നോർക്ക നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതിയിലെ 469-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 195/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ചട്ടങ്ങൾ, പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും അതിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയുമുണ്ടായി, പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2016 ജൂലൈ 23<br>23rd July 2016<br>1191 കർക്കടകം 8<br>8th Karkadakam 1191<br>1938 ശ്രാവണം 1<br>1st Sravana 1938 | നമ്പർ<br>No. 1310 |

## കേരള സർക്കാർ

പ്രവാസി കേരളീയ കാര്യ (എ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 03/2016/നോർക്ക. *തിരുവനന്തപുരം, 2016 ജൂലൈ 20*
*1191 കർക്കടകം 5.*

**എസ്. ആർ. ഒ. നമ്പർ** 502/2016.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച 2009-ലെ കേരള പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെ 1-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡിക പ്രകാരം, നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ പ്രസ്തുത പദ്ധതിയിലെ 38 മുതൽ 42 വരെ ഖണ്ഡികകൾ, 2015 ഒക്ടോബർ 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി ഇതിനാൽ നിശ്ചയിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഉഷാ ടൈറ്റസ്,
*ഗവൺമെന്റ് സെക്രട്ടറി.*

1361(2)

അനുബന്ധം III

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ജനുവരി 7<br>7th January 2016<br>1191 ധനു 22<br>22nd Dhanu 1191<br>1937 പൌഷം 17<br>17th Pousha 1937 | നമ്പർ<br>No. 40 |

## കേരള സർക്കാർ

പ്രവാസി കേരളീയ കാര്യ (എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈ) നമ്പർ 02/2016/നോർക്ക. *തിരുവനന്തപുരം, 2016 ജനുവരി 4 / 1191 ധനു 19.*

**എസ്. ആർ. ഒ. നമ്പർ 18/2016.**—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 5-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2009 ഫെബ്രുവരി 27-ാം തീയതി സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2009/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതിയിലെ 468-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 194/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്കായി ഇനിപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ,—

(i) അദ്ധ്യായം II-ലെ "പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന ശീർഷകത്തിനു പകരം "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന് ചേർക്കേണ്ടതാണ്;

(ii) 15-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിലെ,—

(എ) രണ്ടാമത്തെ വരിയിൽ, "മുൻപ് വിദേശത്ത് താമസിച്ചിരുന്ന പ്രവാസി കേരളീയനും" എന്നീ വാക്കുകൾക്കു പകരം "മുൻപ് വിദേശത്ത് താമസിച്ചിരുന്ന ഓരോ പ്രവാസി കേരളീയനും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) നാലാമത്തെ വരിയിൽ, "1-എ, ബി നമ്പർ ഫോറത്തിലുള്ള" എന്നീ വാക്കുകൾക്കു പകരം "1എ/1ബി നമ്പർ ഫോറത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) 15-ാം ഖണ്ഡികയുടെ, നിലവിലെ (2)-ാം ഉപഖണ്ഡികയ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"അംഗമാകാൻ അർഹതയുള്ള ഓരോ പ്രവാസി കേരളീയനും (ഭാരതം) 2എ നമ്പർ ഫോറത്തിൽ പേര് രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അപേക്ഷകന്റെ ആറുമാസത്തിനകം എടുത്തകളർ ഫോട്ടോ പതിച്ചിരിക്കേണ്ടതാണ്. ജനനത്തീയതി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രവും അപേക്ഷകൻ കേരളത്തിനു പുറത്ത് ഇന്ത്യയിൽത്തന്നെ ആറുമാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണ് എന്നതിന് തെളിവായി ബന്ധപ്പെട്ട സംസ്ഥാനത്ത് അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനമേധാവി/ഒരു ഗസറ്റഡ് ഓഫീസർ/പാർലമെന്റ് അംഗം/നിയമസഭാംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രമോ, റേഷൻ കാർഡോ, ബോർഡ് നിശ്ചയിക്കുന്ന വിധത്തിലുള്ള രേഖയോ ഹാജരാക്കണം."

(iv) 15-ാം ഖണ്ഡികയുടെ, നിലവിലെ (4)-ാം ഉപഖണ്ഡികയ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"പ്രവാസി കേരളീയൻ (ഭാരതം) എന്ന നിലയിലുള്ള അംഗത്വം റദ്ദാക്കുകയും എന്നാൽ ഒരു കല്പിത അംഗമായി തുടരാനർഹതയുള്ള ഒരംഗം കല്പിത അംഗമായി അംഗത്വമാറ്റം ചെയ്യുന്നതിനുവേണ്ടി 2ബി നമ്പർ ഫാറത്തിൽ ഉള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അപേക്ഷകന്റെ ആറുമാസത്തിനകം എടുത്ത കളർ ഫോട്ടോ പതിച്ചിരിക്കേണ്ടതും അപേക്ഷയോടൊപ്പം ആറുമാസത്തിൽ കുറയാത്ത കാലം കേരളത്തിന് പുറത്ത് ജീവിച്ച് തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയനാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ തദ്ദേശസ്വയംഭരണ മേധാവി/ഗസറ്റഡ് ഓഫീസർ/പാർലമെന്റ് അംഗം/ നിയമസഭാംഗം ഇവരിൽ ആരെങ്കിലും നൽകിയ ഒരു സാക്ഷ്യപത്രമോ, ബോർഡ് നിശ്ചയിക്കുന്ന മറ്റേതെങ്കിലും രേഖയോ ഹാജരാക്കിയിരിക്കണം."

(v) 15-ാം ഖണ്ഡികയിലെ, (5)-ാം ഉപഖണ്ഡികയിൽ "ജില്ല" എന്ന വാക്കിനുശേഷം "/പ്രാദേശികം" എന്ന ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്.

(vi) 17-ാം ഖണ്ഡികയിലെ,—

(എ) (1)-ാം ഉപഖണ്ഡികയിൽ, "ഫോറം 4ബി നമ്പരിലുള്ള രജിസ്റ്ററിലും" എന്നീ വാക്കുകൾക്കു പകരം "4ബി നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിലും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഉപഖണ്ഡികയിൽ, "ഫോറം നമ്പർ 4സിയിലുള്ള രജിസ്റ്ററിൽ" എന്നീ വാക്കുകൾക്കുപകരം "4സി നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(vii) 18-ാം ഖണ്ഡികയുടെ, (2)-ാം ഉപഖണ്ഡികയിൽ "മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക്" എന്നീ വാക്കുകൾക്കു പകരം "ചീഫ്/മേഖല/ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(viii) 21-ാം ഖണ്ഡികയിലെ '(1)' എന്ന അക്കവും ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണ്.

(ix) 22-ാം ഖണ്ഡികയുടെ, (1)-ാം ഉപഖണ്ഡികയിലെ "സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശ) അംഗത്തിനും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(x) 23-ാം ഖണ്ഡികയിലെ,—

(എ) (1)-ാം ഉപഖണ്ഡികയിലെ "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ അംഗവും, പ്രവാസി കേരളീയൻ (ഭാരതം) അംഗവും" എന്ന വാചകത്തിനു പകരം "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ (വിദേശം) അംഗവും, പ്രവാസി കേരളീയൻ (ഭാരതം) അംഗവും" എന്ന വാചകം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപഖണ്ഡികയിലെ, "പ്രായാധിക്യ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(സി) (4)-ാം ഉപഖണ്ഡികയിലെ, വിശദീകരണത്തിലെ "അപക്ഷകന്റെ" എന്ന വാക്കിനു പകരം "അപേക്ഷകന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(xi) 24-ാം ഖണ്ഡികയിലെ, വിശദീകരണം (ii)-ലെ "ഈ ഉപഖണ്ഡിക" എന്നീ വാക്കുകൾക്കുപകരം "ഒന്നാം ഉപഖണ്ഡിക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xii) 25-ാം ഖണ്ഡികയുടെ, (3)-ാം ഉപഖണ്ഡികയിലെ,—

(എ) "കാലതാമസം കൂടാതെ" എന്നീ വാക്കുകൾക്കുശേഷം "ചീഫ്/ " എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) "അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവോ" എന്നീ വാക്കുകൾക്കുശേഷം "അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കുള്ളിലോ തൊട്ടടുത്ത ബോർഡ് യോഗത്തിനുശേഷമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xiii) 26-ാം ഖണ്ഡികയുടെ, (9)-ാം ഉപഖണ്ഡികയിൽ, "കഴിയും വേഗം" എന്നീ വാക്കുകൾക്കു പകരം "90 ദിവസങ്ങൾക്കുള്ളിലോ തൊട്ടടുത്ത ബോർഡ് യോഗത്തിനുശേഷമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xiv) 27-ാം ഖണ്ഡികയിലെ,—

(എ) (3)-ാം ഉപഖണ്ഡികയിൽ, "വിദേശത്താണെങ്കിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയതുമായ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും" എന്ന വാചകത്തിനു പകരം "വിദേശത്ത് വച്ചാണ് മരണപ്പെടുന്നതെങ്കിൽ അതത് രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയ സർട്ടിഫിക്കറ്റിന്റെ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പും" എന്ന വാചകം ചേർക്കേണ്ടതാണ്;

(ബി) (5)-ാം ഉപഖണ്ഡികയിലെ, "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നീ വാക്കുകൾക്കു ശേഷം "30 ദിവസത്തിനകം തീരുമാനമെടുത്ത്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xv) 29-ാം ഖണ്ഡികയുടെ, (2)-ാം ഉപഖണ്ഡികയിൽ, "ചിലവുകൾ" എന്ന വാക്കിനു പകരം "ചെലവുകൾ" എന്നീ വാക്ക് ചേർക്കേണ്ടതാണ്.

(xvi) 30-ാം ഖണ്ഡികയിലെ,—

(എ) (1)-ാം ഉപഖണ്ഡികയിലെ,

(i) "കൽപിത അംഗങ്ങൾ ഒഴികെയുള്ള" എന്നീ വാക്കുകൾക്കു പകരം "കൽപിത അംഗങ്ങൾ ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) "വിവാഹച്ചെലവിനായി അയ്യായിരം രൂപ" എന്നീ വാക്കുകൾക്കു പകരം "വിവാഹച്ചെലവിനായി പതിനായിരം രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) നിലവിലുള്ള (6)-ാം ഉപഖണ്ഡികയ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"അപേക്ഷയോടൊപ്പം വിവാഹം നടന്നു എന്നതിന് തെളിവായി 2008-ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ വിദേശത്തുവച്ചാണ് വിവാഹം നടന്നതെങ്കിൽ അതത് രാജ്യത്തെ നിയമപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്."

(സി) (7)-ാം ഉപഖണ്ഡികയിൽ "കഴിയും വേഗം" എന്നീ വാക്കുകൾക്കു പകരം "90 ദിവസങ്ങൾക്കുള്ളിലോ തൊട്ടടുത്ത ബോർഡ് യോഗത്തിന് ശേഷമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xvii) 31-ാം ഖണ്ഡികയിലെ (4)-ാം ഉപഖണ്ഡികയുടെ ക്ലിപ്ത നിബന്ധനയിൽ, "എക്സിക്യൂട്ടീവ് ഓഫീസർ" എന്നീ വാക്കുകൾക്കു പകരം "ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xviii) 33-ാം ഖണ്ഡികയുടെ,—

(എ) നിലവിലുള്ള (4)-ാം ഉപഖണ്ഡിക, (6)-ാം ഉപഖണ്ഡികയായി പുനരക്കം ചെയ്യേണ്ടതാണ്;

(ബി) നിലവിലുള്ള (5)-ാം ഉപഖണ്ഡിക, (4)-ാം ഉപഖണ്ഡികയായി പുനരക്കം ചെയ്യേണ്ടതും നിലവിലെ "(4)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപേക്ഷ" എന്നീ വാക്കുകൾക്കും അക്കത്തിനും ബ്രാക്കറ്റിനും പകരം "(3)-ാം ഉപഖണ്ഡിക പ്രകാരമുള്ള പെൻഷൻ കുടിശ്ശിക തുകയ്ക്കുള്ള അപേക്ഷ" എന്നീ വാക്കുകളും അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(സി) നിലവിലുള്ള (6)-ാം ഉപഖണ്ഡിക, (5)-ാം ഉപഖണ്ഡികയായി പുനരക്കം ചെയ്യേണ്ടതും "ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ, വില്ലേജ് ഓഫീസറോ, തഹസീൽദാരോ നൽകിയ" എന്നീ വാക്കുകൾക്കുപകരം "കേരളത്തിലാണെങ്കിൽ തഹസിൽദാരോ അന്യ സംസ്ഥാനങ്ങളിലാണെങ്കിൽ അവിടെ നിലവിലുള്ള നിയമപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ നൽകുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xix) 34-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിലെ "അംശാദായത്തിന്റെ" എന്ന വാക്കിനു പകരം "അംശദായത്തിന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(xx) 35-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിലെ "മാനദണ്ഢങ്ങൾ" എന്ന വാക്കിനു പകരം "മാനദണ്ഡങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(xxi) 36-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിലെ, "വാങ്ങുന്നതിനോ വേണ്ടിയോ" എന്നീ വാക്കുകൾക്കു പകരം "വാങ്ങുന്നതിന് വേണ്ടിയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xxii) 39-ാം ഖണ്ഡികയിലെ,—

(എ) (1)-ാം ഉപഖണ്ഡികയിലെ "മാരക അസുഖങ്ങളുടെ" എന്ന വാക്കിനു പകരം "മാരക രോഗങ്ങളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപഖണ്ഡികയിലെ "ആശുപത്രികളിലെ, ക്ലിനിക്ക് കളിലെ" എന്നീ വാക്കുകൾക്കുപകരം "ആശുപത്രികളിലെ, ക്ലിനിക്കുകളിലെ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപഖണ്ഡികയിലെ "കിഡ്നി" എന്ന വാക്കിനു ശേഷം "/കരൾ" എന്ന ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്;

(xxiii) 40-ാം ഖണ്ഡികയിലെ,—

(എ) (1)-ാം ഉപഖണ്ഡികയിലെ, "ജില്ലാ എക്സി. ഓഫീസർ" എന്നീ വാക്കുകൾക്കുപകരം "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (i) (2)-ാം ഉപഖണ്ഡികയിലെ, "എമ്പസി" എന്ന വാക്കിനു പകരം "എംബസി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) നിലവിലെ (2)-ാം ഉപഖണ്ഡികയ്ക്കുശേഷം (4)-ാം ഉപഖണ്ഡികയിലെ "വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റ്/പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് ഇവയിലേതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്വീകരിക്കാവുന്നതാണ്" എന്ന വാചകം ചേർക്കേണ്ടതാണ്;

(iii) നിലവിലെ (3)-ാം ഉപഖണ്ഡികയും (4)-ാം ഉപഖണ്ഡികയും യഥാക്രമം (4)-ാം ഉപഖണ്ഡികയും (5)-ാം ഉപഖണ്ഡികയുമായി പുനരക്കം ചെയ്യേണ്ടതാണ്.

(xxiv) 42-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയിലെ, "പ്രവാസി കേരളീയർ (വിദേശം)" എന്നീ വാക്കുകൾക്കുപകരം "പ്രവാസി കേരളീയൻ (വിദേശം)" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(xxv) 44-ാം ഖണ്ഡികയുടെ,—

(എ) നിലവിലെ ശീർഷകത്തിലെ "പെൻഷൻ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ബി) (2)-ാം ഉപഖണ്ഡികയിലെ "ബോർഡ് കഴിയും വേഗം പ്രസ്തുത അപ്പീലിന്മേൽ തീരുമാനം എടുക്കേണ്ടതും തീരുമാനം ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ് " എന്ന വാചകത്തിനുപകരം "ബോർഡ്, അടുത്ത ബോർഡ് യോഗത്തിൽ പ്രസ്തുത അപ്പീലിൻമേൽ തീരുമാനം എടുക്കേണ്ടതും തീരുമാനം ബന്ധപ്പെട്ട കക്ഷികളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്ന വാചകം ചേർക്കേണ്ടതാണ്;

(xxvi) 45-ാം ഖണ്ഡികയുടെ (4)-ാം ഉപഖണ്ഡികയിലെ, "സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിയ്ക്കകമോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(xxvii) ഫോറം നമ്പർ 1എ, 1ബി, 2എ എന്നിവയിലെ ക്രമനമ്പർ (4)-നെതിരെയുള്ള "വീട്ടുപേര്" എന്ന വാക്ക്, തൊട്ടുതാഴെയുള്ള ബ്രാക്കറ്റിനും തപാലാഫീസ് എന്ന വാക്കിനുമിടയിൽ ചേർക്കേണ്ടതാണ്.

(xxviii) ഫോറം നമ്പർ 1എ, 1ബി, 2എ, 2ബി, 3എ, 3ബി, 5,6,7,8,9,10,11 എന്നീ ഫോറങ്ങളിലെ, സാക്ഷ്യപത്രം/സത്യപ്രസ്താവന എന്നിവയുടെ താഴെ "അപേക്ഷകന്റെ പേരും ഒപ്പും" എന്നീ വാക്കുകൾക്കു പകരം "അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(xxix) ഫോറം നമ്പർ 1എ, 1ബി, 2എ എന്നീ ഫോറങ്ങളിലെ അപേക്ഷകന്റെ നോമിനേഷനു താഴെ, "അപേക്ഷകന്റെ പേരും ഒപ്പും" എന്നീ വാക്കുകൾക്കു പകരം, "അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(xxx) ഫോറം നമ്പർ 2എ-യിലെ—

(എ) ക്രമനമ്പർ 9-നെതിരെയുള്ള ഉൾക്കുറിപ്പിലെ "ഡെപ്യൂട്ടേഷനിലോ" എന്ന വാക്കിനുശേഷം "ഈ സംസ്ഥാനത്ത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) സാക്ഷ്യപത്രത്തിലെ "ബോർഡിൽ അറിയിക്കുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "ബോർഡിനെ അറിയിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു" എന്നീ വാക്കുകൾ ചേർക്കേണ്ടതണ്.

(xxxi) ഫോറം നമ്പർ 2ബി-യിലെ—

(എ) ക്രമനമ്പർ 8-നെതിരെയുള്ള അഭിപ്രായക്കുറിപ്പ് എന്ന ഉൾക്കുറിപ്പിനു പകരം "മറ്റെന്തെങ്കിലും വിവരങ്ങളുണ്ടെങ്കിൽ ആയത്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) നിലവിലെ സത്യപ്രസ്താവനയ്ക്കുശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്;

"അപേക്ഷകന്റെ നോമിനേഷൻ

എന്റെ മരണശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഞാൻ താഴെപ്പറയുന്നവരെ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ/ നോമിനികളുടെ പേരും വിലാസവും | വയസ്സ് | അപേക്ഷകനു മായുള്ള ബന്ധം | നൽകേണ്ട വിഹിതത്തിന്റെ അനുപാതം | മൈനർ ആണെങ്കിൽ പേരും ബന്ധവും |
|---|---|---|---|---|---|
| | | | | | |
| | | | | | |

*കുറിപ്പ്:—1. വിവാഹിതരായ അപേക്ഷകരാണെങ്കിൽ ഭാര്യയെ/ഭർത്താവിനെ/ മക്കളെ നോമിനേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. അവിവാഹിതനാണെങ്കിൽ അവർ വിവാഹിതരാകുന്നമുറയ്ക്ക് ഈ നോമിനേഷൻ റദ്ദായിപ്പോയതായി കണക്കാക്കുന്നതാണ്.

സ്ഥലം: അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും."
തീയതി:

(സി) മേൽപ്പറഞ്ഞ പ്രകാരം കൂട്ടിച്ചേർത്ത നോമിനേഷനുശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"*സാക്ഷ്യപത്രം/ബോർഡ് നിശ്ചയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്";

(ഡി) ഓഫീസ് ഉപയോഗത്തിന് എന്ന ശീർഷകത്തിലെ ക്രമനമ്പർ 4-നും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും ശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"താഴെപ്പറയുന്ന കാരണങ്ങളാൽ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചു";

(2) "ചീഫ്/മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്ന വാക്കുകൾക്ക് ശേഷം താഴെപ്പറയുന്ന ഫോറത്തിന്റെ ഇടതുഭാഗത്തായി ചേർക്കേണ്ടതാണ്, അതായത്:—

"*ആവശ്യമില്ലാത്തത് വെട്ടിക്കളയുക."

(xxxii) ഫോറം നമ്പർ 3 ബി-യിലെ—

(എ) നിലവിലെ "തിരിച്ചുവന്ന പ്രവാസി കേരളീയൻ—(വിദേശം)" എന്ന ശീർഷകം വിട്ടുകളയേണ്ടതാണ്;

(ബി) ക്രമനമ്പർ 9-ഉം അതിനെതിരെയുള്ള ഇൻഷുറൻസ് പോളിസി നമ്പർ എന്ന ഉൾക്കുറിപ്പും വിട്ടുകളയേണ്ടതാണ്;

(സി) ക്രമനമ്പർ 6-നെതിരെയുള്ള ഇനം (1)-ലെ "രാജ്യം", എന്ന വാക്കും അടയാളവും വിട്ടുകളയേണ്ടതാണ്;

(ഡി) നിലവിലുള്ള തീയതിയ്ക്കു താഴെയായി താഴെപ്പയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് ഓഫീസ്

തിരുവനന്തപുരം.
കേരള, ഇന്ത്യ.

ഫോൺ നമ്പർ:
ഫാക്സ് നമ്പർ:
ഇ മെയിൽ വിലാസം.

(2) മേൽപ്രകാരം കൂട്ടിച്ചേർത്ത "പ്രവാസി കേരളീയരുടെ ക്ഷേമനിധി ബോർഡ് ഓഫീസ്" എന്ന ശീർഷകത്തിനും അതിലെ ഉൾക്കുറിപ്പുകൾക്കും ശേഷമുള്ള "കുറിപ്പ്", വിട്ടുകളയേണ്ടതാണ്.

OR

(2) നിലവിലെ "കുറിപ്പ്" വിട്ടുകളയേണ്ടതാണ്.

(xxxiii) ഫോറം നമ്പർ 5-ലെ—

(എ) നിലവിലെ ക്രമനമ്പർ 5-നെതിരെ (1)-ാം ഇനമായി "അംഗത്വ പദവി" എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതും "പ്രവാസി കേരളീയൻ (വിദേശം)" എന്നത് "(2)"-മത്തെ ഇനമായി പുനരക്കം ചെയ്യേണ്ടതുമാണ്;

(ബി) നിലവിലെ ഇനം (2), (3), (4), (5) എന്നിവയും അവയ്ക്കെതിരെയുള്ള ഉൾക്കുറിപ്പുകളും യഥാക്രമം (3), (4), (5), (6) ആയി പുനരക്കം ചെയ്യേണ്ടതാണ്.

(xxxiv) ഫോറം നമ്പർ 6-ലെ ക്രമനമ്പർ 8-നെതിരെയുള്ള ഉൾക്കുറിപ്പിലെ "(മരണമടഞ്ഞു എന്നു കാണിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)" എന്നീ വാക്കുകൾക്കും ബ്രാക്കറ്റിനും പകരം താഴെപ്പറയുന്ന വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്, അതായത്:—

"(മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)"

(xxxv) ഫോറം നമ്പർ 10-ലെ ക്രമനമ്പർ 5-ലെ ഇനം (2)-ഉം അതിനെതിരെയുള്ള ഉൾക്കുറിപ്പും ക്രമനമ്പർ 11-ഉം അതിനെതിരെയുള്ള ഉൾക്കുറിപ്പുമായി ചേർക്കേണ്ടതാണ്.

(xxxvi) ഫോറം നമ്പർ 12-ലെ നിലവിലെ സത്യപ്രസ്താവനയ്ക്കു താഴെ നിലവിലുള്ള "അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അപേക്ഷകയുടെ പേരും ഒപ്പും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(xxxvii) ഫോറം നമ്പർ 13-ലെ "ഓഫീസ് ഉപയോഗത്തിന്" എന്നതിലെ നിലവിലുള്ള ക്രമനമ്പർ 6-നും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും താഴെയുള്ള ക്രമനമ്പർ "4" എന്നത് "7" ആയി പുനരക്കമിടേണ്ടതാണ്;

(xxxviii) ഫോറം നമ്പർ 14-ലെ "ഓഫീസ് ഉപയോഗത്തിന്" എന്നതിലെ നിലവിലുള്ള ക്രമനമ്പർ 6-നും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും താഴെയുള്ള ക്രമനമ്പർ "4" എന്നത് "7" ആയി പുനരക്കമിടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2009 ഫെബ്രുവരി 27-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 02/2009/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2009 ഫെബ്രുവരി 27-ാം തീയതിയിലെ 468-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 194/2009 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി, പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും അതിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയുമുണ്ടായി, പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനായി സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം IV

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073 dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2016 ജനുവരി 7<br>7th January 2016<br>1191 ധനു 22<br>22nd Dhanu 1191<br>1937 പൌഷം 17<br>17th Pousha 1937 | നമ്പർ<br>No. | 42 |

GOVERNMENT OF KERALA

**Non-Resident Keralites' Affairs (A) Department**

NOTIFICATION

G. O. (Ms.) No. 04/2016/NORKA.

*Dated, Thiruvananthapuram, 4th January, 2016 / 19th, Dhanu, 1191.*

**S. R. O. No. 19/2016.**—WHEREAS, Government have appointed Adv. P. M. A. Salam, Peechmannil House, Thirurangadi P. O., Malappuram-676 306 as Director and Chairman of the Non-Resident Keralites' Welfare Board issued as per G.O. (Ms.) No. 01/2012/NORKA. dated 17th January, 2012 and published as S.R.O. No. 34/2012 in Kerala Gazette Extraordinary No. 119 dated 18th January, 2012;

AND WHEREAS, the Committee on subordinate Legislation (2011 - 14) at the time of scrutiny for ratification of the above said notification noted certain errors and omissions and suggested to rectify the same;

NOW, THEREFORE, in exercise of powers conferred by sub-section (1) of section 9 read with sub-section (4) of section 9 of the Non- Resident Keralites' Welfare Act, 2008 (Act 10 of 2009) and in supersession of the notification issued under G. O. (Ms.) No. 9/2012/NORKA dated 17th January, 2012 and published as S.R.O. No. 34/2012 in the Kerala Gazette Extraordinary No. 119 dated 18th January, 2012, the Government of Kerala hereby issue the following notification, namely:—

In exercise of the powers conferred by sub-section (1) of section 9 read with sub-section (4) of section 9 of the Non-Resident Keralites' Welfare Act, 2008 (Act 10 of 2009), the Government of Kerala hereby nominate and appoint Adv. P. M. A. Salam, Peechmannil House, Thirurangadi P. O., Malappuram-676 306 as Director and Chairman of the Non-Resident Keralites' Welfare Board in the place of Sri T. K. Hamsa, 420 B, Manjeri, Malappuram constituted as per G. O. (Ms.) No. 9/2009/NORKA, dated 30th November, 2009 and published in the Kerala Gazette Extraordinary No. 2241 dated 1st December, 2009, with effect from 18th January, 2012.

By order of the Governor,

RANI GEORGE,

*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per notification issued under G. O. (Ms.) No. 9/2009/NORKA dated 30th November, 2009 and published in the Kerala Gazette Extraordinary No. 2241 dated 1st December, 2009 Government have constituted the Kerala Non-Resident Keralites' Welfare Board, with T. K. Hamza, 420 B, Manjeri, Malappuram as Director and Chairman of the Board. Later, Government have accepted the resignation of Sri T. K. Hamza as per Government letter No. 2479/A1/2011/NORKA dated 5th July, 2011. Thereafter Government have decided to appoint Adv. P. M. A. Salam, Peechmannil House, Thirurangadi P. O., Malappuram-676 306 as Director and Chairman of the Non-Resident Keralites' Welfare Board. The Committee on Subordinate Legislation (2011-14) at the time of scrutiny for ratification of the above said notification, noted certain errors and omissions and suggested to rectify the same. Accordingly Government have decided to issue a fresh notification nominating and appointing Adv. P. M. A. Salam as Director and Chairman of the Non-Resident Keralites' Welfare Board by superseding the notification issued under G. O. (Ms.) No. 01/2012/NORKA dated 17th January, 2012 and published as S.R.O. No. 34/2012 in the Kerala Gazette Extraordinary No. 119 dated 18th January, 2012 with effect from 18th January, 2012, the date of effect of S.R.O. 34/2012.

The notification is intended to achieve the above object.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.